# പതിനാലാം കേരള നിയമസഭ

## പത്താം സമ്മേളനം

| | |
|---|---|
| നക്ഷത്ര ചിഹ്നമിട്ട | 04.04.2018-ൽ |
| ചോദ്യം നമ്പർ - 6578 | മറുപടിയ്ക്ക് |

## തീരദേശ ഹൈവേ

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ.പി.കെ.അബ്ദു റബ്ബ് | ശ്രീ. ജി. സുധാകരൻ (പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പ് മന്ത്രി) |
| (എ) തീരദേശ ഹൈവേയുടെ പണി ഇപ്പോൾ ഏത് ഘട്ടത്തിലാണ്; | (എ) നിർദ്ദിഷ്ട തീരദേശ പാതയ്ക്ക് 653.4കി.മീ. ദൈർഘ്യമാണുള്ളത്. വിവിധ ജില്ലകളിലായി 249.19 കി.മീ നീളത്തിൽ 13 റോഡുകളുടെ നവീകരണ മാണ് ആദ്യഘട്ടത്തിൽ ഉദ്ദേശിക്കുന്നത്. ആദ്യ ഘട്ടത്തിൽ ഉൾപ്പെടുത്തി പൂർത്തീകരിക്കാൻ ഉദ്ദേശിക്കുന്ന 13 റോഡുകളിൽ 12 റോഡുകളുടെ 238.5 കി.മീ ഭാഗം പുനഃരുദ്ധരിക്കുന്നതിനുള്ള വിശദമായ പദ്ധതി രൂപരേഖ കെ.ആർ.എഫ്.ബി.യ്ക്ക് സമർപ്പിച്ചിട്ടുണ്ട്. ഇതിലെ 11 റീച്ചുകളുടെ ഡി.പി.ആർ. കിഫ്ബിയുടെ സാമ്പത്തികാനുമതി യ്ക്കായി സമർപ്പിച്ചിട്ടുള്ളതുമാണ്. |
| (ബി) ഈ പാതയെ തുറമുഖങ്ങളുമായി ബന്ധിപ്പിക്കാൻ ഉദ്ദേശിക്കുന്നുണ്ടോ എന്നറിയിക്കാമോ? | (ബി) തീരദേശ ഹൈവേ കേരളത്തിലെ തിരുവനന്തപുരം, കൊല്ലം, ആലപ്പുഴ, എറണാകുളം, തൃശ്ശൂർ, മലപ്പുറം, കോഴിക്കോട്, കണ്ണൂർ, കാസർഗോഡ് എന്നീ 9 ജില്ലകളിൽ കൂടിയാണ് കടന്നുപോകുന്നത്. വിഴിഞ്ഞം, തങ്കശ്ശേരി, ആലപ്പുഴ, കൊച്ചി, മുനമ്പം, പൊന്നാനി, ബേപ്പൂർ, അഴീക്കൽ എന്നീ തുറമുഖങ്ങളെ പരസ്പരം ബന്ധിപ്പിച്ചു കൊണ്ടാണ് തീരദേശ ഹൈവേ നിർമ്മിക്കാൻ ഉദ്ദേശിക്കുന്നത്. |

സെക്ഷൻ ഓഫീസർ